ക്ഷൻ സമയബന്ധിതമായി പിരിച്ചെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ചെലവ് ചുരുക്കൽ നടപടികൾ എല്ലാം തന്നെ സർക്കാർ കമ്പനികൾ/സർവ്വകലാശാലകൾ എന്നിവയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അർദ്ധസർക്കാർ സ്ഥാപനങ്ങളടക്കം സംസ്ഥാന ഖജനാവിൽ നിന്നും പണം പറ്റുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

(ബി) ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) ചെലവ് ചുരുക്കൽ ഉത്തരവുകൾ ഇളവ് ചെയ്യുവാൻ മന്ത്രിസഭയ്ക്ക് (കൗൺസിൽ) മാത്രമേ അധികാരമുള്ളൂ എന്ന നിബന്ധന ഏർപ്പെടുത്തിയതാണ് പ്രധാനമാറ്റം.

(ഡി) അയവു വരുത്തിയിട്ടില്ല.

(ഇ) നിലവിലുണ്ട്.

(എഫ്) പിൻവലിക്കാൻ ഉദ്ദേശമില്ല.

24 (*80) വനോൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം

ശ്രീ. പി. രാജു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനോൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ വനോൽപ്പന്നങ്ങൾ ശേഖരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രധാനമായും ശേഖരിച്ചു വരുന്ന വനോൽപ്പന്നങ്ങൾ എന്തെല്ലാമാണ്;

(ഡി) വനോൽപ്പന്നങ്ങൾ കടത്തിയ എത്ര കേസ്സുകൾ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്;

(ഇ) വനോൽപ്പന്നങ്ങളുടെ കള്ളക്കടത്ത് തടയുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഏത് തേക്ക്തോട്ടങ്ങളുടെ അന്തിമവെട്ട്, ഇടവെട്ട്, കാറ്റത്ത് വീണതും ഉണങ്ങിയതുമായ മരങ്ങളുടെ ശേഖരണം ഇവ ഡിപ്പാർട്ടുമെന്റ് നേരിട്ടും കരാർ മുഖേനയും നടത്തിവരുന്നു. യൂക്കാലിപ്റ്റസ്, അക്കേഷ്യ, ഈറ്റ, മുള മുതലായ വ്യവസായ അസംസ്കൃത സാധനങ്ങൾ കമ്പനികൾ നേരിട്ട് ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിലും ചെറുകിട വനവിഭവങ്ങൾ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നേരിട്ട് അവരുടെ അംഗങ്ങൾ മുഖേനയും ശേഖരിച്ച് വരുന്നു.

---

† അനുബന്ധം - III
885/2010.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 115.83 കോടി രൂപയുടെ വനോൽപ്പന്നങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(സി) തടി, തേക്കുകഴ, മുള, ഈറ്റ, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നീ മൂന്നു വനവിഭവങ്ങൾ; തേൻ, കുന്തിരിക്കം, ഔഷധസസ്യങ്ങൾ തുടങ്ങിയ ചെറുകിട വനവിഭവങ്ങൾ എന്നിവയാണ് പ്രധാനമായും ശേഖരിച്ചു വരുന്ന വനോൽപ്പന്നങ്ങൾ.

(ഡി) 4968 കേസ്സുകൾ കണ്ടു പിടിക്കപ്പെട്ടിട്ടുണ്ട്.

(ഇ) വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി സംസ്ഥാനത്ത് 88 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. വനസംരക്ഷണ ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ വാഹനങ്ങളും ആയുധങ്ങളും വയർലസ്സ് സംവിധാനങ്ങളും നൽകി വനസംരക്ഷണം കാര്യക്ഷമമാക്കിയിട്ടുണ്ട്. വനോൽപ്പന്നങ്ങൾ കള്ളക്കടത്ത് നടത്തുന്ന വാഹനങ്ങൾ കണ്ടുകെട്ടുന്നതിന് ഉന്നത വനംവകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് അധികാരം നൽകിക്കൊണ്ട് വന നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. വനപ്രദേശത്തിന് 5 കിലോമീറ്ററിനുള്ളിൽ മരാധിഷ്ടിത വ്യവസായങ്ങൾ തുടങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിന് വനവകുപ്പിൽ ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു.

25 (*81) ബാങ്കുകളുടെ ക്രെഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാങ്കുകളുടെ ക്രെഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ എത്രയാണ്?

(ബി) സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ 1997-98,1998-99 എന്നീ വർഷങ്ങളിൽ എന്തു തുക വീതം നിക്ഷേപമുണ്ടായിരുന്നു;

(സി) ഇതിൽ സംസ്ഥാനത്തെ കാർഷിക രംഗത്തും വ്യാവസായിക രംഗത്തും എന്തു തുക വീതം വായ്പ നൽകി;

(ഡി) സംസ്ഥാനത്തെ പ്രമുഖ വാണിജ്യ ബാങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം എത്രയെന്ന് അറിയിക്കുമോ;

(ഇ) വായ്പാ അനുപാതം വർദ്ധിപ്പിക്കണമെന്ന് ഈ ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്)അർഹതപ്പെട്ട വായ്പാ അപേക്ഷകൾ പലതും ഇത്തരം ബാങ്കുകൾ പരിഗണിക്കുന്നില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1999 ജൂൺ 30-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ബാങ്കുകളുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 41.64 ശതമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly